KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 14/ 06/ 2018

# ലോക രക്തദാന ബോധവൽക്കരണ റാലി

കൊല്ലം : ജൂൺ 14 ലോക രക്തദാനദിനത്തിൽ ജില്ലയിലെ എസ്.പി.സി സ്കൂളുകളിൽ വ്യത്യസ്തങ്ങളായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. ഈ ദിനത്തിന്റെ പ്രാധാന്യത്തെ മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുന്നതിനായുള്ള ബോധവൽക്കരണ റാലിയുടെ ജില്ലാതല ഉദ്ഘാടനം കരുനാഗപ്പള്ളി ഗവ : ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. കരുനാഗപ്പള്ളി സബ് ഡിവിഷനിലെ അഞ്ച് സ്കൂളിലെ കുട്ടികളെ സംഘടിപ്പിച്ചുകൊണ്ടുള്ള രക്തദാന ത്തിന്റെ മഹത്വം വിളിച്ചറിയിച്ചു കൊണ്ടുള്ള ബോധവൽക്കരണ റാലിയുടെ ഉദ്ദേശവും രക്തദാനം കൊണ്ട് നാം നൽകുന്ന ജീവൻ രക്ഷാപ്രവർത്തനത്തിന്റെ മഹത്വവും






കേഡറ്റുകൾക്ക് വിശദീകരിച്ചുകൊണ്ടും എ.എസ്.പി ട്രയിനി ശ്രീ. ഇളങ്കൊ ഐ.പി.എസ് രക്തദാന ബോധവൽക്കരണ റാലി ഫ്ളാഗ് ഓഫ് ചെയ്തു. കരുനാഗപ്പള്ളി ഗവ : ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ആരംഭിച്ച റാലി കരുനാഗപ്പള്ളി ടൗൺ വഴി ഗവ : താലൂക്ക് ആശുപത്രിയിലെത്തി അവിടെ നിന്നും തിരികെ സ്കൂളിലെത്തിയ റാലിയെ സ്കൂൾ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും അനുഗമിച്ചു. എസ്.പി.സി ജില്ല അസ്സിസ്റ്റന്റ് നോഡൽ ഓഫീസർ ശ്രീ. വൈ. സോമരാജ് റാലിയിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു.